KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം , തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

**സംഗ്രഹം**

കെ.എസ്.ഇ.ബി.എൽ - റഫറണ്ടം 2022 – കെ.എസ്.ഇ.ബി ലിമിറ്റഡിൽ നിന്നുള്ള പോളിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് - സംബന്ധിച്ച്.

---

**കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)**

ഓഫീസ് ഓർഡർ (സി.എം.ഡി) നം.527/2022(PS1(B)/റഫറണ്ടം/ജനറൽ/പാർട്ട് III/2022

തിരുവനന്തപുരം. തീയതി : 22/04/2022

പരാമർശം - 1. റിട്ടേണിംഗ് ഓഫീസറുടെ 04.04.2022 ലെ LCO/2225/2022 IR (5) പ്രകാരമുള്ള വിജ്ഞാപനം
2. റിട്ടേണിംഗ് ഓഫീസറുടെ 04.04.2022 ലെ LCO/2225/2022 IR (5) പ്രകാരമുള്ള നടപടി ഉത്തരവ്
3. ഓഫീസ് ഓർഡർ (CMD) നമ്പർ 495/2022 PSI(A)/റഫറണ്ടം/ജനറൽ/പാർട്ട് III തീയതി 16.04.2022
4. റിട്ടേണിംഗ് ഓഫീസറുടെ 19.04.2022-ലെ LCO/2225/2022-IR(5) പ്രകാരമുള്ള നടപടിക്രമം.
5. 21.04.2022-ൽ ബഹുമാനപ്പെട്ട ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ മുമ്പാകെ സമർപ്പിച്ച പിഎസ് 1 (എ)/റഫറണ്ടം/ജനറൽ/പാർട്ട് III നമ്പർ കുറിപ്പ്.

**ഉത്തരവ്**

അഡീഷണൽ ലേബർ കമ്മീഷണർ (IR) തിരുവനന്തപുരം & റിട്ടേണിംഗ് ഓഫീസർ 2022 ഏപ്രിൽ 28-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ റഫറണ്ടം നടത്തുവാൻ തീരുമാനിച്ച് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുണ്ടായി. 2022 ഏപ്രിൽ 28 ന് രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണി വരെ സംസ്ഥാനത്തുടനീളം നിശ്ചയിക്കപ്പെട്ടിട്ടുള്ള 76 പോളിംഗ് ബൂത്തുകളിലായാണ് റഫറണ്ടത്തിന്റെ ഭാഗമായിട്ടുള്ള വോട്ടെടുപ്പ് നടക്കുക. റഫറണ്ടം സുഗമമായി നടത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് റിട്ടേണിംഗ് ഓഫീസർ അഡീഷണൽ ലേബർ കമ്മീഷണർ (IR) ഫസ്റ്റ് പോളിംഗ് ഓഫീസർമാരായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിച്ച് കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റിസർവ് അടക്കം അപ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

പോളിംഗ് ഓഫീസർമാരായി നിയോഗിക്കപ്പെട്ട ഓരോരുത്തരേയും ബന്ധപ്പെട്ട എ.ആർ.യു തലവന്മാർ രേഖാമൂലം ഇലക്ഷൻ ഡ്യൂട്ടിക്കായി നിയോഗിച്ച വിവരം അറിയിക്കേണ്ടതാണ്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നിയോഗിക്കപ്പെട്ടിട്ടുള്ള പോളിംഗ് ഓഫീസർമാർ 27.04.2022-ന് രാവിലെ 10.00 മണിയ്ക്ക് അതാത് ജില്ലാ ലേബർ ഓഫീസുകളിൽ ഇലക്ഷൻ ജോലിക്കായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ബൂത്തിലെ പോളിംഗ് ഓഫീസർമാർക്ക് അവിടെ വച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അന്നേ ദിവസം പ്രിസൈഡിംഗ്

ഓഫീസർമാർ നൽകുന്നതാണ്. റിസർവായി നിയോഗിക്കപ്പെട്ടിട്ടുള്ള പോളിംഗ് ഓഫീസർമാരെയും ഇലക്ഷൻ ജോലികൾക്കായി നിയോഗിച്ച വിവരം ബന്ധപ്പെട്ട എ.ആർ.യു തലവന്മാർ എത്രയും പെട്ടെന്ന് തന്നെ അറിയിക്കേണ്ടതാണ്. അടിയന്തിരഘട്ടത്തിൽ, റിസർവായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട എ.ആർ.യു തലവന്മാർ ഇലക്ഷൻ ജോലികൾക്കായി നിയോഗിക്കേണ്ടതാണ്. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരെ അക്കാര്യം അറിയിച്ച വിവരവും പോളിംഗ് ഓഫീസറായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പരും അടിയന്തിരമായി ചീഫ് പേഴ്സണൽ ഓഫീസറെ (pokseb@gmail.com) എന്ന ഇ-മെയിൽ വിലാസത്തിൽ അറിയിക്കേണ്ടതാണ്. ഇലക്ഷൻ ജോലികൾക്കായി പോളിംഗ് ഓഫീസറെ യഥാസമയം ബന്ധപ്പെട്ട എ.ആർ.യു തലവന്മാർ നിയമിച്ച് ഉത്തരവ് നല്കിയെന്ന് അധികാരപ്പെടുത്തിയ ജില്ലാതല ലയിസൺ-കം-ഫിനാൻസ്-കം-ഒബ്സർവർ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ) ഉറപ്പാക്കേണ്ടതാണ്. പോളിംഗിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായി അവരുടെ ജോലികൾ നിർവ്വഹിക്കുന്നു എന്നും തെരഞ്ഞെടുപ്പ് കൃത്യതയോടെ നടക്കുന്നുവെന്നും സംസ്ഥാനതല ലയിസൺ-കം-ഫിനാൻസ്-കം-ഒബ്സർവർ ഉറപ്പാക്കേണ്ടതാണ്. മേൽ വിവരിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി പരാമർശം (5) ലെ കുറിപ്പ് പ്രകാരം ബഹുമാനപ്പെട്ട ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ഉത്തരവായിട്ടുള്ളതാണ്.

അനുബന്ധം - 1.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം
ഒപ്പ്
ജയശ്രീ.റ്റി.കെ.
സെക്രട്ടറി (ഭരണം)

**സ്വീകർത്താവ്**

(1) സംസ്ഥാനതല ലെയ്സൺ-കം-ഫിനാൻസ്-കം-ഒബ്സർവർ
(2) ജില്ലാതല ലെയ്സൺ-കം-ഫിനാൻസ്-കം-ഒബ്സർവർ
(3) എല്ലാ എ. ആർ. യു തലവന്മാർ
(4) റിട്ടേണിംഗ് ഓഫീസർ

**പകർപ്പ് :-**

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി) ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ.)/ ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം) ടി. എ ടു ഡയറക്ടർ (ജനറേഷൻ & ഇലക്ട്രിക്കൽ) ടി. എ ടു ഡയറക്ടർ (ജനറേഷൻ (സിവിൽ)/ ടി. എ ടു ഡയറക്ടർ (റീസ്, സൗര, സ്പോർട്സ് & വെൽഫയർ) എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
22/04/2022
സീനിയർ സൂപ്രണ്ട്